## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1040** 10.08.2017- ൽ മറുപടിക്ക്

## പട്ടാമ്പി പുലമന്തോൾറോഡിന്റെ നവീകരണം

**ചോദ്യം**

**ശ്രീ. മുഹമ്മദ് മുഹസിൻ പി.**

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന പട്ടാമ്പി പുലമന്തോൾ റോഡ് ഈ മഴക്കാലം കഴിയുന്നതോടെ ഗതാഗതയോഗ്യമല്ലാതെയാവും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജിലൻസ് അന്വഷണം തടസ്സപ്പെടുത്താതെ പ്രസ്തുത റോഡ് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ ;

(ബി) ഇല്ലെങ്കിൽ വിജിലൻസ് അന്വേഷണം പരമാവധി വേഗത്തിൽ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും: പട്ടാമ്പി പുലമന്തോൾ റോഡ് മഴക്കാലം കഴിയുന്നതോടെ ഗതാഗത യോഗ്യമല്ലാതാകാൻ സാധ്യതയുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയാകാത്തതിനാൽ ഈ റോഡിൽ മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ